പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1994 01.02.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ ആസ്തി**

ചോദ്യം — ശ്രീ.വി.ഡി. സതീശൻ

ഉത്തരം — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യ്ക്ക് സംസ്ഥാനത്താകെ എത്ര ഭൂമിയാണ് ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത്, എല്ലാ ജില്ലകളിലുമായി ഡിപ്പോ, സബ് ഡിപ്പോ, ഓപ്പറേറ്റിംഗ് സെന്റർ, വെയ്റ്റിംഗ് ഷെഡ്, മറ്റ് ചെറിയ സ്ഥലങ്ങൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലും, കൈവശത്തിലും, പാട്ട ഭൂമി ഇനത്തിലുമായി റീസർവ്വേക്കു ശേഷം നിലവിൽ 420 ഏക്കർ സ്ഥലമാണുള്ളത്. |
| (ബി) | കെട്ടിടങ്ങളുടെ വാടകയിനത്തിൽ എത്ര തുകയാണ് ഒരു വർഷത്തിൽ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക ഇനത്തിൽ നിന്നും പ്രതി വർഷം 11,61,52,968/- (പതിനൊന്നു കോടി അറുപത്തി ഒന്നു ലക്ഷത്തി അൻപത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട്) രൂപ വാടക ഇനത്തിൽ നിലവിൽ ലഭിച്ചു വരുന്നു. |
| (സി) | വാടക മുറികൾ എത്രയെണ്ണമാണ് ഒഴിഞ്ഞ് കിടക്കുന്നത് ; ഇതിലൂടെ എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ ? | (സി) | നിലവിൽ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ച വാണിജ്യ സമുച്ചയങ്ങളിൽ ആകെ 64 കടമുറികളാണ് ഒഴിഞ്ഞ് കിടക്കുന്നത്. ടി കടകളുടെ വിസ്തൃതിക്ക് ആനുപാതികമായി വാടക ലഭ്യമാകുന്നതിനായി ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുകയാണ്. കെ.എസ്.ആർ.ടി.സിക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. |

**സെക്ഷൻ ഓഫീസർ**